# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 09/24 (222nd) Meeting of the Syndicate held on 18.12.2024 at 10.30 a.m at University Head Quarters, Kalady

**Members Present:**

1. പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി
   വൈസ് ചാൻസലർ, അദ്ധ്യക്ഷ - ഒപ്പ്
2. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
3. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ശ്രീ. ആർ. അജയൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
5. ഡോ. രാമൻകുട്ടി പി.വി., സിൻഡിക്കേറ്റംഗം - ഒപ്പ്
6. പ്രൊഫ.(ഡോ.) മാത്യൂസ് ടി തെള്ളി, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. എം. സത്യൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
8. ശ്രീ. അജയൻ സി, അഡീഷണൽ സെക്രട്ടറി,
   ഉന്നതവിദ്യാഭ്യാസ വകുപ്പ് - ഒപ്പ്
9. അഡ്വ. കെ.എസ്. അരുൺകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
10. ഡോ. ബി. അശോക്, സിൻഡിക്കേറ്റംഗം - ഒപ്പ്
11. ഡോ. ടി. മിനി, സിൻഡിക്കേറ്റംഗം - ഒപ്പ്
12. പ്രൊഫ. (ഡോ.) വി. ലിസ്സി മാത്യു, സിൻഡിക്കേറ്റംഗം - ഒപ്പ്
13. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഓൺലൈൻ

കൂടാതെ ഡോ. മോത്തി ജോർജ്ജ് (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

ലോക പ്രശസ്ത തബല മാന്ത്രികൻ ഉസ്താദ് സാക്കിർ ഹുസൈൻ - ന്റെ നിര്യാണത്തിലും രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

01.10.2024-ാം തീയതിയിലെ 221-ാം സിൻഡിക്കേറ്റ് യോഗത്തിനു ശേഷം സർകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവകലാശാലയുടെ സിൻഡിക്കേറ്റിലേക്ക് 7 അംഗങ്ങളെ സർക്കാർ 05.12.2024 ന് നാമനിർദ്ദേശം ചെയ്തു. അഡ്വ. കെ.എസ്. അരുൺകുമാർ, ഡോ. എം. സത്യൻ (പ്രൊഫസർ, സംസ്കൃത സാഹിത്യ വിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല), ഡോ. ബി. അശോക് (പ്രൊഫസർ, ഹിന്ദി വിഭാഗം, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം) ഡോ. പി.വി. ഓമന (പ്രൊഫസർ, ഹിന്ദി വിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല), പ്രൊഫ. (ഡോ.) വി. ലിസ്സി മാത്യു (സീനിയർ പ്രൊഫസർ, മലയാള വിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല), പ്രൊഫ.(ഡോ.) മാത്യൂസ് ടി തെള്ളി (അസ്സോസിയേറ്റ് പ്രൊഫസർ, സസ്യശാസ്ത്ര വിഭാഗം, കെ. ഇ കോളേജ്, മാന്നാനം) ശ്രീ. ആർ. അജയൻ എന്നിവരെയാണ് നാമനിർദ്ദേശം ചെയ്തത്. എല്ലാവരേയും സിൻഡിക്കേറ്റിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

2. സർവകലാശാലയിൽ 2024 ലെ സംസ്കൃത ദിനാഘോഷം ഒക്ടോബർ 10, 14 തീയതികളിലായി നടന്നു. തിരുപ്പതി ശ്രീ വെങ്കടേശ്വര വേദിക് സർവകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. സന്നിധാനം സുദർശന ശർമ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ വൈസ് ചാൻസലർ അധ്യക്ഷത വഹിച്ചു.
3. സർവകലാശാലയുടെ പുതിയ ഫിനാൻസ് ഓഫീസറായി ശ്രീമതി സിൽവി കോടക്കാട്ട് 19.10.2024 നും സർവകലാശാലയുടെ പുതിയ രജിസ്ട്രാറായി ഡോ. മോത്തി ജോർജ്ജ് 24.10.2024 നും ചുമതലയേറ്റു. ഇരുവരുടേയും സർവകലാശാലയിലെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ്.
4. 2024 ലെ ഭരണഭാഷാ വാരാചരണത്തോടനുബന്ധിച്ച് സർവകലാശാലയിലെ ഭരണഭാഷാ അവലോകന സമിതിയുടെ ആഭിമുഖ്യത്തിൽ ജീവനക്കാർക്ക് നവംബർ 06 മുതൽ 08 വരെ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. വിജയികൾക്ക് ഉപഹാരങ്ങൾ നൽകി.
5. സർക്കാർ ജീവനക്കാർക്കായി, കേരള സർക്കാർ നടത്തുന്ന സംസ്ഥാനതല ഭരണഭാഷാ പുരസ്കാരം സർവകലാശാലാ അസിസ്റ്റന്റ് സെക്ഷൻ ഓഫീസറായ ശ്രീമതി പി.ബി. സിന്ധു-വിന് ലഭിച്ചു. ശ്രീമതി പി.ബി. സിന്ധു-വിന് സർവകലാശാലയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.
6. മാതൃഭാഷയുടെ സംരക്ഷണത്തിനും വികാസത്തിനുമുള്ള പ്രവർത്തനങ്ങൾക്ക് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല ഏർപ്പെടുത്തിയിട്ടുള്ള പ്രദീപൻ പാമ്പിരിക്കുന്ന് സ്മാരക മാതൃഭാഷാ പുരസ്കാരത്തിന് സാമൂഹ്യപ്രവർത്തക ശ്രീമതി സി. കെ. ജാനു അർഹയായി. 14.11.2024 ന് സർവകലാശാലയിൽ വച്ച് നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പുരസ്കാരം കൈമാറി. മലയാള വിഭാഗത്തിലെ അസ്സോസിയേറ്റ് പ്രൊഫസർ അബ്ദുൾ നാസർ എം.സി. പ്രദീപ്ത സ്മരണ നടത്തി.

7. 2024 നവംബർ 29 മുതൽ ഡിസംബർ 8 വരെ സംഘടിപ്പിച്ച 27 - ാ മത് കൊച്ചി ഇന്റർനാഷണൽ ബുക്ക് ഫെസ്റ്റിവലിൽ സർവകലാശാല പങ്കെടുത്തു.
8. സർവകലാശാലയുടെ അക്കാദമിക് കൗൺസിലിലേക്ക് വിദ്യാർത്ഥി പ്രതിനിധികളായി കുമാരി. എം. ആര്യ, സംസ്കൃത സാഹിത്യ വിഭാഗം ഗവേഷക കുമാരി. എസ്. എസ് ഷഹീന, ഒന്നാം സെമസ്റ്റർ ഹിന്ദി വിഭാഗം വിദ്യാർത്ഥി എന്നിവരെ ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്തു.
9. ഇന്റർനാഷണൽ സ്കൂൾ ഫോർ ശ്രീശങ്കരാചാര്യ സ്റ്റഡീസിന്റെ നേതൃത്വത്തിൽ 22.11.2024 ന് ഇന്റർനാഷണൽ ലക്ച്ചർ സീരീസ് ഓൺലൈനായി നടത്തി. റഷ്യൻ അക്കാദമി ഓഫ് സയൻസസിലെ ഓറിയന്റൽ ഫിലോസഫി സ്റ്റഡീസ് വിഭാഗം അദ്ധ്യക്ഷ ഡോ. വിക്ടോറിയ ലിസൻകോ മുഖ്യപ്രഭാഷണം നടത്തി.
10. ബഡ്സ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ജില്ലാതല ബഡ്സ് കലോത്സവം 'മൽഹാർ' 2024 നവംബർ 27, 28 തീയതികളിലായി സർവകലാശാലാ ആസ്ഥാനത്ത് വച്ച് നടന്നു. സമാപന സമ്മേളനത്തിൽ വൈസ് ചാൻസലർ മുഖ്യാതിഥി ആയി പങ്കെടുത്തു.
11. പാലക്കാട് നെന്മാറ ശ്രീ. പി. നാരായണൻ നായരുടേയും നെന്മാറ പടിഞ്ഞാറെ പാറയിൽ വിശ്വനാഥൻ നായരുടേയും വേലായുധൻ വടവുകോടിന്റെയും അപൂർവ്വ താളിയോല ഗ്രന്ഥങ്ങളും പുസ്തകങ്ങളുടെ ശേഖരവും സർവകലാശാലയിലെ താളിയോല ഗ്രന്ഥശാലയ്ക്ക് 29.11.2024 ന് കൈമാറി. വൈസ് ചാൻസലർ ഡോ. കെ.കെ. ഗീതാകുമാരി, ശ്രീ. വിശ്വനാഥൻ നായരുടെ മകൾ വത്സല മേനോനിൽ നിന്നും സർവകലാശാലയ്ക്കുവേണ്ടി ഏറ്റുവാങ്ങി. ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം ഡോ. ടി.മിനി, രജിസ്ട്രാർ, ഡോ. മോത്തി ജോർജ്ജ്, സംസ്കൃത പ്രചരണ പദ്ധതിയുടെ നോഡൽ ഓഫീസർ ഡോ. കെ.വി അജിത്കുമാർ, ഡോ. വി. ലിസ്സി മാത്യു, ഡോ. വി.കെ ഭവാനി എന്നിവർ പങ്കെടുത്തു.

12. 2024 നവംബർ 30 ന് വിരമിച്ച സർവകലാശാലയിലെ അനധ്യാപക ജീവനക്കാരിയും വൈസ് ചാൻസലറുടെ ഓഫീസിലെ സെക്ഷൻ ഓഫീസറുമായ ശ്രീമതി സന്ധ്യ കെ. ക്ക് സർവകലാശാല ഉചിതമായ യാത്രയയപ്പ് നൽകി.

13. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ വച്ച് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് ഷേപ്പിംഗ് കേരളാസ് ഫ്യൂച്ചർ ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്- ജെൻ ഹയർ എഡ്യൂക്കേഷൻ എന്ന പേരിൽ ദ്വിദിന അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് നടത്തുന്നതുമായി ബന്ധപ്പെട്ട് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ വൈസ് ചാൻസലർ പങ്കെടുത്തു.

14. സർവകലാശാലയിലെ 2024 നവംമ്പർ മാസത്തിലെ സെമസ്റ്റർ അവധി കഴിഞ്ഞ് ബിരുദ ബിരുദാനന്തര ക്ലാസ്സുകൾ 2024 ഡിസംബർ 02 ന് പുനരാരംഭിച്ചു.

15. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സംഘടിപ്പിക്കുന്ന കരിയർ ജ്വാല പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിലെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ കാലടി മുഖ്യ ക്യാമ്പസിൽ സംഘടിപ്പിച്ച കരിയർ മീറ്റ് 10.12.2024 ന് രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് ഉദ്ഘാടനം ചെയ്തു. മഹാരാജാസ് കോളേജ് മുൻ പ്രിൻസിപ്പാൾ ഡോ. മേരി മെറ്റിൽഡ മുഖ്യപ്രഭാഷണം നടത്തി.

16. 26.11.2024 ന് സർവകലാശാലയിൽ ഭരണഘടന ദിനവും, 10.12.2024 ന് മനുഷ്യാവകാശ ദിനവും ആചരിക്കുകയും പ്രതിജ്ഞ ചൊല്ലുകയും ചെയ്തു.

17. 2024 ലെ ഡോ. സി.എം. നീലകണ്ഠൻ എൻഡോവ്മെന്റ് പ്രഭാഷണം സർവകലാശാലയിൽ 11.12.2024 ന് നടത്തി. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാലയുടെ മുൻ വൈസ് ചാൻസലർ ഡോ. അനിൽ വള്ളത്തോൾ മുഖ്യപ്രഭാഷണം നടത്തി.

18. Kerala Institute for Gender Equity (KIGE) എന്ന മികവിന്റെ കേന്ദ്രം സർവകലാശാലയിൽ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ അധികൃതരുമായി 13.12.2024 -ാം തീയതി സർവകലാശാലയിൽവച്ച് പ്രാരംഭ ചർച്ചകൾ നടത്തി.
19. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഹയർ സെക്കൻഡറി വിംഗിന് കീഴിലുള്ള കരിയർ ഗൈഡൻസ് & അഡോളസന്റ് കൗൺസിലിംഗ് സെൽ, കോഴിക്കോട്, മലപ്പുറം, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ നടത്തിയ ദിശ എക്സ്പോയിൽ സർവകലാശാല പങ്കെടുത്തു.
20. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും സെമിനാറുകളും വെബിനാറുകളും ശില്പശാലകളും ഇക്കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## **Item No. 2**

Award of Ph.D Degree

a) Smt. Athira Chandran P in Sanskrit Sahitya [No. EA/PhD/829/SSUS/2023]
b) Smt. Soumya S in Sanskrit Sahitya [No. EA/PhD/795/SSUS/2023]
c) Smt. Arya K.G in English [No. EA/PhD/777/SSUS/2023]
d) Smt. Rakhi P.R in Malayalam [No. EA/PhD/819/SSUS/2023]
e) Smt. Manju P in Malayalam [No. EA/PhD/828/SSUS/2023]
f) Sri. Ramdas V.H. in Comparative Literature [No. EA/PhD/769/SSUS/2022]
g) Sri. Vinodkumar Kattumunda in Sanskrit Vyakarana [No. EA/PhD/824/SSUS/2023]
h) Smt. Sajitha G. in Malayalam [No. EA/PhD/594/SSUS/2019]
i) Smt. Remya Chithran K.C in Psychology [No. EA/PhD/782/SSUS/2023]
j) Smt. Sajitha T. in Urdu [No. EA/PhD/836/SSUS/2024]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 13.12.2024, it is resolved to award Ph.D to the following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt. Athira Chandran P | Faculty of Sanskrit Literature | 18.10.2024 |
| b) | Smt. Soumya S | Faculty of Sanskrit Literature | 25.09.2024 |
| c) | Smt. Arya K.G | Faculty of Foreign Languages | 14.10.2024 |
| d) | Smt. Rakhi P.R | Faculty of Indian Languages | 26.09.2024 |
| e) | Smt. Manju P | Faculty of Indian Languages | 03.10.2024 |
| f) | Sri. Ramdas V.H. | Faculty of Indian Languages | 24.09.2024 |
| g) | Sri. Vinodkumar Kattumunda | Faculty of Sanskrit Grammar | 08.10.2024 |
| h) | Smt. Sajitha G. | Faculty of Indian Languages | 29.10.2024 |
| i) | Smt. Remya Chithran K.C | Faculty of Science, Technology & Education | 17.10.2024 |
| j) | Smt. Sajitha T. | Faculty of Indian Languages | 26.10.2024 |

a) Smt. Athira Chandran P. in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **“The Predicament of Ganikas: A Study based on Sanskrit Works”,** under the guidance of Dr. T. Mini, Professor, Department of Sanskrit Sahitya, SSUS, Kalady.

b) Smt. Soumya S in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **“Bhāskarītīkā on Isvarapratyabhijñā Vimarśinī – A Study”,** under the guidance of Dr. R. Kamalakumari, Associate Professor, Department of Sanskrit Sahitya, SSUS, RC Thiruvananthapuram.

c) Smt. Arya K.G in English under the Faculty of Foreign Languages for the Ph.D thesis titled **“Culture as Discourse: A Study of the Interface of History and Art in Velappanikkan Narratives”,** under the guidance of Dr. Raji B Nair, Professor, Department of English, SSUS, Kalady.

d) Smt. Rakhi P.R in Malayalam under the Faculty of Indian Languages for the Ph.D thesis titled **“ഭാഷണവും അധികാരവും-തെരഞ്ഞെടുത്ത മലയാള നോവലുകളെ അടിസ്ഥാനമാക്കിയുള്ള പഠനം”,** under the guidance of Dr. A. Sheelakumari, Professor (Rtd.), Thejaswini, Santhinagar 69A, Ramankulangara, Kavanad P.O., Kollam – 3.

e) Smt. Manju P in Malayalam under the Faculty of Indian Languages for the Ph.D thesis titled **“തൊഴിലിടങ്ങളിലെ രാഷ്ട്രീയ സംസ്കാരം മലയാള നോവൽ സാഹിത്യത്തിൽ”,** under the guidance of Dr. Shamshad Hussain K.T. Professor, Department of Malayalam, RC Tirur.

f) Sri. Ramdas V.H in Comparative Literature under the Faculty of Indian Languages for the Ph.D thesis titled **“Sanskrit Akhyayikas and Early Malayalam Novels: A Comparative Study”,** under the guidance of Dr. K.V. Ajithkumar, Professor, Department of Sanskrit Sahitya, SSUS, Kalady.

g) Sri. Vinodkumar Kattumunda in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled **“Sāmūhikabhāṣāśāstṛadṛṣṭyā Taddhitāntānām Adhyayanam (A Sociolinguistic Study of Taddhita Derivatives)”,** under the guidance of Dr. R. Vijayakumar, Professor (Rtd.), Gayatri, Keraladithyapuram, Poudikonam P.O., Thiruvananthapuram – 695 588.

h) Smt. Sajitha G. in Malayalam under the Faculty of Indian Languages for the Ph.D thesis titled **"തമിഴ് ക്ലാസ്സിക്കൽ സാഹിത്യവും കേരളത്തിലെ നാടോടിവഴക്കങ്ങളും",** under the guidance of Dr. P. Pavithran, Professor, Department of Malayalam, SSUS, Kalady.

i) Smt. Remya Chithran K.C. in Psychology under the Faculty of Science, Technology & Education for the Ph.D thesis titled **"Concept of Perimenopause – A Psychological Analysis",** under the guidance of Dr. H. Sylaja, Professor, Department of Psychology,University of Kerala, Thiruvananthapuram.

j) Smt. Sajitha T. in Urdu under the Faculty of Indian Languages for the Ph.D thesis titled **"MANATO KE AFKAR-O-NAZARIYATH-MAZAAMEEN-E-MANTO KI ROSHNI MEIN",** under the guidance of Dr. K.V. Nakulan, Professor (Rtd.), Kandoth Valappil, Kakkoth, Iriveri P.O., Kannur–670 613 .

**<u>Item No. 3</u>**

റീ അപ്പിയറൻസ് പരീക്ഷാ എഴുതാൻ അനുവദിച്ചത് - സംബന്ധിച്ച്. (No. 03326/ACDB3/ SSUS/2024(1))

13.12.2024 ൽ നടന്ന പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2021 അഡ്മിഷൻ എം.എ വേദാന്ത വിദ്യാർത്ഥി അൻസിയ എം (21PA03VE06) ന 2023 അഡ്മിഷൻ വിദ്യാർത്ഥികളോടൊപ്പം മൂന്നാം സെമസ്റ്ററിലെ സിദ്ധാന്തലേശ സംഗ്രഹം (PVEM 10308) എന്ന കോഴ്സ് റീ അപ്പിയർ ചെയ്യുവാൻ അനുവദിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 4

പരീക്ഷാ (എ) വിഭാഗം - 2024 ഒക്ടോബർ മാസത്തിലെ സർവകലാശാലാ പരീക്ഷകളുടെ ചോദ്യ പേപ്പറുകൾ സർവകലാശാല പ്രസ്സിൽ പ്രിന്റ് ചെയ്ത് പാക്കിംഗ് പൂർത്തിയാക്കി വിതരണം നടത്തിയതിന്റെ ക്രമങ്ങൾ അറിയിക്കുന്നതും ചോദ്യപേപ്പർ പ്രിന്റിംഗിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചതും - സംബന്ധിച്ച്. (No. E.A/18838/SSUS/2022(II))

2024 ഒക്ടോബർ മാസത്തിലെ സർവകലാശാലാ പരീക്ഷകളുടെ ചോദ്യ പേപ്പറുകളുടെ പ്രിന്റിംഗ് / വിതരണം സംബന്ധിച്ച് സ്വീകരിച്ച നടപടിക്രമങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 5

യു.ജി / പി.ജി അഡ്മിഷൻ - ക്ലാസുകൾ തുടങ്ങി ഒരു മാസത്തിനുള്ളിൽ അഡ്മിഷൻ നടപടികൾ പൂർത്തീകരിക്കണമെന്ന വ്യവസ്ഥ – ഒഴിവാക്കുന്നത് സംബന്ധിച്ച്. (No. 02990/ACDB2/SSUS/2024(1))

മേൽ വിഷയവുമായി ബന്ധപ്പെട്ട് യു.ജി / പി.ജി റഗുലേഷനുകളിൽ മാറ്റം വരുത്തേണ്ടതില്ലായെന്ന് തീരുമാനിച്ചു.

## Item No. 6

പുതുക്കിയ ഫീ ഘടന നടപ്പിലാക്കുന്നത് സാധൂകരിക്കുന്നത് സംബന്ധിച്ച്. (No. 02442/ACDC2/SSUS/ 2023(1))

സർവകലാശാലയിലെ വിവിധ പ്രോഗ്രാമുകളുടെ ഫീ ഘടന പുതുക്കി 28.06.2024 തീയതിയിലെ 2442/ACDC2/SSUS/2023, 19.08.2024 തീയതിയിലെ

02442/ACDC2/SSUS/ 2023(1) എന്നീ ഉത്തരവുകൾ പ്രകാരം നടപ്പിലാക്കിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 7

19.03.2024 ലെ 213-ാമത് സിൻഡിക്കേറ്റ് യോഗ തീരുമാനം ഇനം നം. 17 ൽ ഭേദഗതി വരുത്തി ഉത്തരവിറക്കിയത് അറിയിക്കുന്നത് സംബന്ധിച്ച്. (No. 5638/SWC/SSUS/2012)

റിപ്പോർട്ട് അംഗീകരിച്ചു.

## Item No. 8

പയ്യന്നൂർ പ്രാദേശിക കേന്ദ്രം (2021 അഡ്മിഷൻ) എം.എ. ഫിലോസഫി വിദ്യാർത്ഥിയായിരുന്ന എൽദോ എ.കെ (21PY03PH02)-യ്ക്ക് പുന:പ്രവേശനം അനുവദിച്ചത് - സാധൂകരിക്കുന്നത് - സംബന്ധിച്ച്. (No. 03298/ACDB2/ SSUS/2024(2)

പയ്യന്നൂർ പ്രാദേശിക കേന്ദ്രം (2021 അഡ്മിഷൻ) എം.എ. ഫിലോസഫി വിദ്യാർത്ഥിയായിരുന്ന എൽദോ എ.കെ (21PY03PH02)-യ്ക്ക് കാലടി മുഖ്യ കേന്ദ്രത്തിൽ 2024 ഡിസംബറിൽ ആരംഭിക്കുന്ന എം.എ. ഫിലോസഫി പ്രോഗ്രാമിലേക്ക് (4th semester) പുന:പ്രവേശനം അനുവദിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 9

തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ സേവനം ചെയ്യുന്ന ഓഫീസ് അറ്റൻഡന്റ് സജീവൻ പി. ക്ക്, 2000/- രൂപ അധികവേതനത്തോടുകൂടി ലൈബ്രറി അറ്റൻഡറുടെ അധിക ചുമതല നൽകിയത് സിൻഡിക്കേറ്റ്

സാധൂകരണത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 00420/ADC1/ SSUS/2022(1))

തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ സേവനം ചെയ്യുന്ന ഓഫീസ് അറ്റൻഡന്റ് സജീവൻ പി. ക്ക്, 2000/- രൂപ അധികവേതനത്തോടുകൂടി ലൈബ്രറി അറ്റൻഡറുടെ അധിക ചുമതല നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 10**

ISSS സംഘടിപ്പിക്കുന്ന പ്രോഗ്രാമുകളിലെ resource persons – നെ തെരഞ്ഞെടുക്കുന്നതിന് ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു എന്ന 06.09.2024 തീയതിയിലെ 220-ാമത് സിൻഡിക്കേറ്റ് തീരുമാനം പുന:പരിശോധിക്കുന്നത് സംബന്ധിച്ച്. (No. 02889/ISSS1/ SSUS/2024(1)

ISSS സംഘടിപ്പിക്കുന്ന പ്രോഗ്രാമുകളിലെ resource persons – നെ തെരഞ്ഞെടുക്കുന്നതിന് ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്തുവാനുള്ള 06.09.2024 തീയതിയിലെ 220-ാമത് സിൻഡിക്കേറ്റ് തീരുമാനം പുന:പരിശോധിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു. കൂടാതെ സെന്ററിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഡയറക്ടറുടെ പ്രവർത്തനത്തെയും കാലാവധിയെയും കുറിച്ചും പഠിക്കാൻ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**Item No. 11**

പാർട്ട് ടൈം സ്വീപ്പർ ജീവനക്കാരുടെ ജോലി സമയം പുന:നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ തീരുമാനം സർവകലാശാലയിൽ നടപ്പിലാക്കിയത് സംബന്ധിച്ച്. (No. 03340/ADB3/SSUS/2024(2))

റിപ്പോർട്ട് ശ്രദ്ധിച്ചു. ക്ലീനിംഗ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

**Item No. 12**

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ മലയാളം വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. എം.സി. അബ്ദുൽ നാസർ -ന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട്. (No. 03115/ADA2/SSUS/2024)

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ മലയാളം വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. എം.സി. അബ്ദുൽ നാസർ -ന്റെ പ്രൊബേഷൻ, ടിയാളുടെ പേരിലുള്ള ക്രിമിനൽ കേസിന്റെ പരാമർശമില്ലാതെ, മുൻകാല പ്രാബല്യത്തോടെ ഡിക്ലയർ ചെയ്യാൻ തീരുമാനിച്ചു.

**Item No. 13**

01.10.2024 പ്രാബല്യത്തിൽ ക്ഷാമ ബത്തയും 01.11.2024 പ്രാബല്യത്തിൽ ക്ഷാമാശ്വാസവും വർദ്ധിപ്പിച്ച സർക്കാർ ഉത്തരവുകൾ സർവകലാശാലയിൽ നടപ്പാക്കിയതിൽ സാധൂകരണം സംബന്ധിച്ച്. (No. 03683/BILLA2/ SSUS/2024(1)

01.10.2024 പ്രാബല്യത്തിൽ അദ്ധ്യാപക / അനദ്ധ്യാപക ജീവനക്കാരുടെ ക്ഷാമ ബത്തയും 01.11.2024 പ്രാബല്യത്തിൽ അദ്ധ്യാപക / അനദ്ധ്യാപക പെൻഷണർ

മാരുടെ ക്ഷാമാശ്വാസവും വർദ്ധിപ്പിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ സർവകലാശാലയിൽ നടപ്പിലാക്കിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 14

ശ്രീശങ്കരാചാര്യ സംസ്കൃത സ്കോളർഷിപ്പ് അറ്റൻഡൻസിനുള്ള മാർഗനിർദേശങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് സാധൂകരിക്കുന്നത് സംബന്ധിച്ച്.
(No. 03367/ACDC2/SSUS/2024(1))

ശ്രീശങ്കരാചാര്യ സംസ്കൃത സ്കോളർഷിപ്പുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങളിലെ Clause 12 ൽ നിഷ്കർഷിച്ചിട്ടുള്ള 75% ഹാജർ എന്ന നിബന്ധനയിൽ പെൺകുട്ടികൾക്കും അർഹരായ ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്കും ഇതിൽ നിന്നും 2% ഇളവ് അനുവദിച്ചു കൊണ്ട് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 15

മെറിറ്റ് സ്കോളർഷിപ്പ് മാർഗനിർദേശങ്ങളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്.
(No. 03368/ACDC2/SSUS/2024(1))

മെറിറ്റ് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങളിലെ Clause 5 ൽ നിഷ്കർഷിച്ചിട്ടുള്ള 80% ഹാജർ എന്ന നിബന്ധനയിൽ പെൺകുട്ടികൾക്കും അർഹരായ ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്കും ഇതിൽ നിന്നും 2% ഇളവ് അനുവദിച്ചു കൊണ്ട് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 16**

മലയാളം വിഭാഗം സീനിയർ പ്രൊഫസർ ഡോ. ലിസി മാത്യു വി. യുടെ ജോലിഭാരം കുറച്ച് ഉത്തരവിറക്കിയത് സാധൂകരിക്കുന്നത് സംബന്ധിച്ച്. (No. 03437/ADA2/SSUS/2024)

പരീക്ഷ വിഭാഗത്തിന്റെ അധിക ചുമതലയുള്ള മലയാളം വിഭാഗം സീനിയർ പ്രൊഫസർ ഡോ. ലിസി മാത്യു വി. യുടെ നിലവിലെ ജോലിഭാരത്തിൽ (ആഴ്ചയിൽ 14 മണിക്കൂർ) 50% ഇളവ് അനുവദിച്ചു കൊണ്ടുള്ള ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 17**

കാലടി മുഖ്യകേന്ദ്രം (2021 അഡ്മിഷൻ) എം.എ സോഷ്യോളജി വിദ്യാർത്ഥിനി ജയലക്ഷ്മി എം.പി (21KA03SO13) യ്ക്ക് 2024 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ സോഷ്യോളജി പരീക്ഷ പ്രൊവിഷണലായി എഴുതുന്നതിന് അനുമതി നൽകിയത് - റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. 02439/ SOACDB/SSUS/2023(1))

റിപ്പോർട്ട് ശ്രദ്ധിച്ചു.

**Item No. 18**

UGC Single Girl Child Fellowship – Savithribhai Jyothirao Phule Fellowship നു അർഹയായ സ്നേഹ ചന്ദ്രന് 2016 – ലെ യു.ജി.സി റെഗുലേഷനിലെ വ്യവസ്ഥകൾക്കനുസൃതമായി ഗവേഷണ കാലാവധി സിൻഡിക്കേറ്റ് സാധൂകരണത്തിനു വിധേയമായി ദീർഘിപ്പിക്കുന്നതു സംബന്ധിച്ച്. (No. 00046/ACDA3/SSUS/2024(2))

UGC Single Girl Child Fellowship – Savithribhai Jyothirao Phule Fellowship ന അർഹയായ സ്നേഹ ചന്ദ്രന് 2016 – ലെ യു.ജി.സി റെഗുലേഷനിലെ വ്യവസ്ഥകൾക്കനുസൃതമായി ഗവേഷണ കാലാവധി ദീർഘിപ്പിച്ച് നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 19

MLA ഫണ്ട് ഉപയോഗപ്പെടുത്തി പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിലെ സ്റ്റേജിനു മുൻവശത്ത് മേൽക്കൂര നിർമ്മിക്കുന്ന വിവരം റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. 03769/ENGG1/SSUS/2024)

റിപ്പോർട്ട് ശ്രദ്ധിച്ചു. ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾക്ക് സർവകലാശാലയുടെ അനുമതി തേടേണ്ടതാണ് എന്ന പൊതു നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

## Item No. 20

23-24 ലെ യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവുമായി ബന്ധപ്പെട്ട് അധികം ചെലവഴിച്ച തുകയിൽ 50,000/- രൂപ സിൻഡിക്കേറ്റിന്റെ സാധൂകരണം തേടുന്നത് സംബന്ധിച്ച്. (No. 01718/SSC2/SSUS/2024(1)

23-24 ലെ യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവുമായി ബന്ധപ്പെട്ട് അനുവദിച്ച തുകയ്ക്ക് പുറമെ 50,000/- രൂപ കൂടി അനുവദിച്ച് നൽകുകയും പ്രസ്തുത തുക 2307-03, 2307-04 എന്നീ ശീർഷകങ്ങളിൽ നിന്നും വക മാറ്റി വിനിയോഗിക്കുകയും ചെയ്ത ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 21

ബി.എ 2015 റെഗുലേഷൻ പ്രകാരമുള്ള മേഴ്സി ചാൻസ് പരീക്ഷയിൽ - ഹാജരാകാതിരുന്ന പരീക്ഷ വീണ്ടും എഴുതുന്നതിന് അടയ്ക്കേണ്ട ഫീസ് സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്. (No. EA/02853/ SSUS/2024)

ബി.എ 2015 റെഗുലേഷൻ പ്രകാരമുള്ള മേഴ്സി ചാൻസ് പരീക്ഷയിൽ ഹാജരാകാതിരുന്ന വിദ്യാർത്ഥികൾക്ക് വീണ്ടും പരീക്ഷ എഴുതുന്നതിന് പരീക്ഷാ ഫീസിന്റെ ഇരട്ടി ഈടാക്കാൻ തീരുമാനിച്ചു. ഇക്കാര്യവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ മെറിറ്റ് ഉണ്ടെന്ന് പരീക്ഷാ വിഭാഗത്തിന് ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിൽ മാത്രം ഇത്തരം അപേക്ഷകൾ പരിഗണിക്കാനും പരീക്ഷ നടത്തുന്നതിനുള്ള ചെലവ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാനും തീരുമാനിച്ചു.

## Item No. 22

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദു വകുപ്പ് അധ്യാപകനായ ഡോ. കെ.സി. അതാവുള്ളഖാന് പ്രൊഫസർ തസ്തിക പുന:സ്ഥാപിച്ച് നൽകുന്നത് സംബന്ധിച്ച്. (No. Ad.A3/17291/SSUS/2022)

സർവകലാശാല സ്റ്റാൻഡിംഗ് കൗൺസലിൽ നിന്നും നിയമോപദേശം വാങ്ങിയതിനു ശേഷം പ്രൊഫസർ തസ്തിക പുന:സ്ഥാപിച്ച് നൽകാൻ തീരുമാനിച്ചു.

## Item No. 23

കാലടി മുഖ്യകേന്ദ്രത്തിൽ 2019-2020 അക്കാദമിക് വർഷത്തിൽ എം.എ ഭരതനാട്യം പ്രോഗ്രാമിൽ പ്രവേശനം നേടിയ ശാരിക ഗോപാൽ

(19KA03DB08)-ന്റെ രണ്ടാം സെമസ്റ്ററിലേയ്ക്ക് പുന:പ്രവേശനം നൽകുന്നത് സംബന്ധിച്ച്. (No. 01304/ACDB2/SSUS/2024(2)

എം.എ ഭരതനാട്യം വിദ്യാർത്ഥിനി ശാരിക ഗോപാൽ (19KA03DB08)-ന്റെ രണ്ടാം സെമസ്റ്ററിലേയ്ക്ക് പുന:പ്രവേശനം നൽകാൻ തീരുമാനിച്ചു.

**Item No. 24**

Digi Locker പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കുന്ന ഡിഗ്രി സർട്ടിഫിക്കറ്റ്സ്, മാർക്ക് ഷീറ്റുകൾ, മറ്റ് എഡ്യുക്കേഷണൽ ഡോക്യുമെന്റ്സ് എന്നിവ ആധികാരിക രേഖയായി അംഗീകരിച്ച് ബഹു. വൈസ് ചാൻസലർ ഉത്തരവായത് - റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. 03531/ACDB1/SSUS/2024(2)

റിപ്പോർട്ട് ശ്രദ്ധിച്ചു.

**Item No. 25**

എസ്.എസ്.യു.എസ് സെന്റർ ഫോർ ഓൺലൈൻ ലേണിംഗ് (SCOL) മുഖേനെ നടത്തുന്ന കോഴ്സുകളുടെ സർട്ടിഫിക്കറ്റ് മാതൃക അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No. 03239/SCOL1/SSUS/2024(2))

അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

**Item No. 26**

എസ്.എസ്.യു.എസ് സെന്റർ ഫോർ ഓൺലൈൻ ലേണിംഗ് മുഖേനെ ഓഫർ ചെയ്യുന്ന കോഴ്സുകളുടെ പ്രവർത്തനങ്ങൾക്കായി സർവകലാശാലയിൽ ജോലി ചെയ്യുന്ന പ്രൊജക്റ്റ് ഫെല്ലോസിന്റെ പുന:നിയമനം സംബന്ധിച്ച്. (No. 00941/ACDA2/SSUS/2024(1))

കാലാവധി കഴിഞ്ഞതിനാൽ പ്രൊജക്റ്റ് ഫെല്ലോസിന്റെ സേവനം തുടരേണ്ടതില്ലായെന്ന് തീരുമാനിച്ചു. ഈ തസ്തികയിലേക്ക് പുതിയ നിയമനം നടത്തുന്നതുവരെ സേവനം ആവശ്യമായി വരികയാണെങ്കിൽ 1000/- രൂപ ദിവസവേതനാടിസ്ഥാനത്തിൽ നിലവിലുള്ളവർക്ക് തുടരാൻ അനുമതി നൽകാനും തീരുമാനിച്ചു. പുതിയ നോട്ടിഫിക്കേഷൻ വഴി പ്രതിമാസം 30,000/- രൂപ വേതനത്തിൽ പ്രൊജക്റ്റ് ഫെല്ലോയെ താത്ക്കാലികമായി നിയമിക്കാൻ തീരുമാനിച്ചു. കൂടാതെ എഡിറ്റർ കം വീഡിയോഗ്രാഫർ തസ്തികയിലേക്ക് താത്ക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്താനും തീരുമാനിച്ചു. ഡോ. പി. ശിവദാസൻ കൺവീനറായ ഐടി കമ്മിറ്റി വർക്ക് അസസ്സ്മെന്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകാനും തീരുമാനിച്ചു.

## ADDITIONAL AGENDA

**Item No. 1**

KSHEC യുടെ നേതൃത്വത്തിൽ സർവകലാശാലയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മികവിന്റെ കേന്ദ്രമായ Kerala Institute for Gender Equity (KIGE), Kerala Language Network (KLN), Kerala Centre for Educational Multimedia and Digital Pedagogy (KCEMDP) എന്നിവയുമായി ബന്ധപ്പെട്ട പ്രൊപ്പോസലിനും MoU വിനും അനുമതി / അംഗീകാരം തേടുന്നത് സംബന്ധിച്ച്. (No. 03042/PLD1/SSUS/2024)

KSHEC യുടെ നേതൃത്വത്തിൽ Kerala Institute for Gender Equity (KIGE) എന്ന മികവിന്റെ കേന്ദ്രം സർവകലാശാലയിൽ സ്ഥാപിക്കുന്നത്, Kerala Language Network – ന്റെ സബ്സെന്റർ സർവകലാശാലയുടെ പ്രാദേശിക

കേന്ദ്രത്തിൽ സ്ഥാപിക്കുന്നത്, Kerala Centre for Educational Multimedia and Digital Pedagogy (KCEMDP) സർവകലാശാലയിൽ സ്ഥാപിക്കുന്നത് എന്നിവ അംഗീകരിക്കാനും ഇതുമായി ബന്ധപ്പെട്ട് KSHEC യുമായി MoU ഒപ്പുവയ്ക്കുന്ന വിഷയം സിൻഡിക്കേറ്റിന്റെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാനും തീരുമാനിച്ചു.

**Item No. 2**

16.03.2024 തീയതിയിൽ നടന്ന അദാലത്തിൽ പങ്കെടുത്ത ഇരു വൃക്കകളും തകരാറിൽ ആയ വേദാന്ത ഗവേഷണ പഠന വകുപ്പിലെ ഇന്റഗ്രേറ്റഡ് എം.ഫിൽ. പി എച്ച് ഡി 01.12.2012 രജിസ്ട്രേഷൻ ഫുൾ ടൈം ഗവേഷകയായ Neethu K K യ്ക്ക് എക്സ്റ്റെൻഷൻ ഫീസ് ഇളവ് ലഭിക്കുന്നത് സംബന്ധിച്ച്. (No. 00171/ACDA3/SSUS/2024(1))

ഫുൾ ടൈം ഗവേഷകയായ Neethu K K യ്ക്ക് എക്സ്റ്റെൻഷൻ ഫീസ് ഇളവ് അനുവദിക്കാൻ തീരുമാനിച്ചു.

**Item No. 3**

2023 പി എച്ച് ഡി റഗുലേഷനിലെ അഡ്ജൂഡിക്കേറ്റേഴ്സ് പാനലുമായി ബന്ധപ്പെട്ട ക്ലോസും ഫോർമാറ്റും എല്ലാ മുൻ റഗുലേഷനുകൾക്കും ബാധകമാക്കുന്നത് സംബന്ധിച്ച്. (No.EA/Ph.D/838/SSUS/2024)

2023 ലെ പി.എച്ച്.ഡി റഗുലേഷൻ പ്രകാരം അഡ്ജൂഡിക്കേറ്റർമാരുടെ യോഗ്യത സംബന്ധിച്ച വ്യവസ്ഥ സർവകലാശാലയിലെ മുൻ റഗുലേഷൻ പ്രകാരം ഗവേഷണ നടപടികൾ കൈക്കൊള്ളുന്നവർക്കും ബാധകമാക്കിയ ബഹു. വൈസ് ചാൻസലറുടെ ഉത്തരവ് അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 4

2024-25 ധനകാര്യ വർഷത്തിലെ മൂന്നാം പാദം (01.10.2024 - 31.12.2024) – ഭവിഷ്യനിധി നിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് നടപ്പിലാക്കുന്നത് സംബന്ധിച്ച്. (No. 02867/BILLA3/SSUS/2023(1))

ഭവിഷ്യനിധി അക്കൗണ്ടിലുള്ള ജീവനക്കാരുടെ നിക്ഷേപങ്ങൾക്ക് 2024-25 സാമ്പത്തിക വർഷം മൂന്നാം പാദത്തിൽ (01.10.2024 – 31.12.2024) 7.1 % പലിശ നിരക്ക് നിശ്ചയിച്ച് കൊണ്ടുള്ള 01.11.2024 ലെ സ.ഉ. (അച്ചടി) നം. 93/2024/ധന നമ്പർ സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

## Item No. 5

2017 റഗുലേഷൻ ബാധകമായ 2019 രജിസ്ട്രേഷൻ (2018 ലെ അഡ്മിഷൻ നോട്ടിഫിക്കേഷൻ പ്രകാരം പ്രവേശനം നേടിയ) ഗവേഷകരുടെ ഗവേഷണ കാലാവധി ദീർഘിപ്പിക്കുന്നതു സംബന്ധിച്ച്. (No. 03849/ACDA3/ SSUS/2024(1))

09.12.2024 ൽ ചേർന്ന പി.എച്ച്.ഡി കോർ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2017 റഗുലേഷൻ ബാധകമായ 2019 രജിസ്ട്രേഷൻ ഗവേഷകർക്ക് 2025 ഡിസംബർ വരെ എക്സ്റ്റൻഷൻ ഫീസില്ലാതെ പ്രബന്ധ സമർപ്പണത്തിന് അനുമതി നൽകാൻ തീരുമാനിച്ചു. കൂടാതെ 2025 ഡിസംബറിനുള്ളിൽ പ്രബന്ധം സമർപ്പിക്കാത്ത പ്രസ്തുത ഗവേഷകരുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും തീരുമാനിച്ചു.

## Item No. 6

19.12.2024 തീയതിയിൽ നടത്തേണ്ടതായ ഡാൻസ് വിഭാഗം ഗവേഷക നീതു ദാസ് പി - യുടെ പി.എച്ച്.ഡി വാചാ പരീക്ഷ തടയണമെന്ന് ആവശ്യപ്പെട്ടുള്ള

വിഷയവിദഗ്ധ ഡോ. ദിവ്യ നെടുങ്ങാടിയുടെ കത്ത്. (No. EA/Phd/ 764/SSUS/2023)

ഗവേഷക നീതു ദാസ് പി - യുടെ പി.എച്ച്.ഡി വാചാ പരീക്ഷ തടയണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള വിഷയവിദഗ്ധ ഡോ. ദിവ്യ നെടുങ്ങാടിയുടെ അപേക്ഷ തള്ളിക്കളയാൻ തീരുമാനിച്ചു. ഡോ. ദിവ്യ നെടുങ്ങാടിയ്ക്ക് അഡ്ജൂഡിക്കേറ്റേഴ്സ് പാനലിൽ വരാനുള്ള യോഗ്യത ഉണ്ടോ എന്ന് റഗുലേഷൻ പരിശോധിച്ച് തീരുമാനിക്കാനും ഇല്ലെങ്കിൽ തുടർ നടപടി എടുക്കാനും തീരുമാനിച്ചു.

## Item No. 7

സർവകലാശാല ഇന്റർനെറ്റ് റേഡിയോയുടെ പേര്, ലോഗോ, ടാഗ് ലൈൻ സംബന്ധിച്ച്. (No. 03439/PRS1/SSUS/2024(1))

സർവകലാശാല ഇന്റർനെറ്റ് റേഡിയോയുടെ പേര് '**റേഡിയോ കേരളം**' എന്നും ടാഗ് ലൈൻ '**അറിയാം, പറയാം, ഒന്നിച്ചാസ്വദിക്കാം**' എന്നും നിശ്ചയിച്ചു കൊണ്ടും ലോഗോ തയ്യാറാക്കുന്നതിന് പെയിന്റിംഗ് വകുപ്പ് മേധാവി ഡോ. ജ്യോതിലാൽ ടി.ജി. യെ ചുമതലപ്പെടുത്തുവാനും ലോഗായ്ക്ക് അനുയോജ്യമായ വിധത്തിൽ '**കാലടി സംസ്കൃതസർവകലാശാലയുടെ ശബ്ദം**' എന്ന് കൂട്ടി ചേർക്കുവാനുമുള്ള 16.12.2024 ൽ കൂടിയ സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 8

സൈക്കോളജി വകുപ്പ് വിസിറ്റിംഗ് പ്രൊഫസർ ആയി സേവനമനുഷ്ഠിക്കുന്ന ഡോ. റസീന പദ്മത്തിന്റെ സേവനകാലയളവ് ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച്. (No. 03826/ADA2/SSUS/2023)

ഡോ. റസീന പദ്മത്തിന്റെ സേവനകാലയളവ് ദീർഘിപ്പിച്ചു നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

# OUT OF AGENDA

## Item No. 1

SSUS സെന്റർ ഫോർ ഓൺലൈൻ ലേർണിംഗ് മുഖേനെ 'Basic Course on Vastuvidya' എന്ന ഓൺലൈൻ കോഴ്സ് തുടങ്ങുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകാരത്തിനും ഭരണാനുമതിക്കുമായി സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 03674/SCOL1/SSUS/2024(1))

പ്രസ്തുത വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 2

2024-25 വർഷത്തെ അക്കാദമിക് കലണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച്. (No. 03803/SOACDC/SSUS/2023(1)

2024-25 വർഷത്തെ ബിരുദ, ബിരുദാനന്തര ബിരുദ, പി.എച്ച്.ഡി പ്രോഗ്രാമുകളുടെ അക്കാദമിക കലണ്ടറുകൾ അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 3

1. സർവകലാശാലയുടെ അങ്കമാലി സബ്ട്രഷറിയിലെ സ്ഥിര നിക്ഷേപങ്ങൾ യഥാസമയം പുതുക്കി വെയ്ക്കാൻ ഉണ്ടായ കാലതാമസത്തെക്കുറിച്ചും പലിശ ഇനത്തിൽ ഉണ്ടായ നഷ്ടം സംബന്ധിച്ചും പരിശോധിക്കാൻ നിയോഗിക്കപ്പെട്ട സിൻഡിക്കേറ്റ് ഉപസമിതിയുടെ പരിശോധന റിപ്പോർട്ട്.

   വിശദമായ പഠനത്തിന് മാറ്റി വച്ചു.

2. 12.03.2024 ന് ചേർന്ന 215-ാമത് സിൻഡിക്കേറ്റ് യോഗത്തിലെ അഡീഷണൽ അജൻഡ ഇനം നമ്പർ 8 തീരുമാനം നടപ്പിൽ വരുത്തുന്നതിൽ കാലതാമസം നേരിട്ടു എന്ന വിഷയം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട അന്വേഷണ സമിതിയുടെ റിപ്പോർട്ട്.

   വിശദമായ പഠനത്തിന് മാറ്റി വച്ചു.

3. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല നടത്തിയ 2019 ലെ പി.എച്ച്.ഡി പ്രവേശനം സംബന്ധിച്ച പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയത് പ്രകാരം സിൻഡിക്കേറ്റിന്റെ ലീഗൽ സ്റ്റാൻഡിംഗ് കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ട്.

   വിശദമായ പഠനത്തിന് മാറ്റി വച്ചു.

## Item No. 4

യൂണിവേഴ്സിറ്റിയിലെ അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ട് SFI സമർപ്പിച്ച നിവേദനം.

1. **യൂണിവേഴ്സിറ്റി ഗവേഷക ഫെല്ലോഷിപ്പ് വർദ്ധിപ്പിച്ച് നാലാം വർഷത്തേക്ക് കൂടി അനുവദിക്കുകയും കുടിശ്ശികകൾ ഇല്ലാതെ ലഭ്യമാക്കുകയും ചെയ്യുക.**

   **തീരുമാനം :-** ഗവേഷക ഫെല്ലോഷിപ്പുമായി ബന്ധപ്പെട്ട് പ്ലാൻ ഫണ്ട് ലഭ്യമാക്കുന്നതിന് അടിയന്തിരമായി സർക്കാരിനെ സമീപിക്കാൻ തീരുമാനിച്ചു.

2. **സബ്മിഷൻ ഫീസ് ഉൾപ്പെടെയുള്ള ഗവേഷക ഫീസ് വർദ്ധനവ് പിൻവലിക്കുക.**

**തീരുമാനം :-** ഗവേഷകരുടെ അതതു വർഷത്തെ അഡ്മിഷൻ പ്രോസ്പെക്ടസിൽ നിഷ്കർഷിച്ചതു പ്രകാരമുള്ള ഫീസുകൾ മാത്രം ഈടാക്കുന്നതിനും, 18.12.2024 ന് മുമ്പ് അധിക ഫീസ് അടച്ചിട്ടുള്ള ഗവേഷകർ അടച്ച അധിക ഫീസ് തിരികെ നൽകേണ്ടതില്ലെന്നും, മേൽ തീരുമാനം റഗുലർ ഗവേഷകർക്കു മാത്രം ബാധകമാക്കാനും തീരുമാനിച്ചു.

3. **മതിയായ ക്ലാസ് റൂം, ഹോസ്റ്റൽ സൗകര്യം ഉറപ്പു വരുത്തുക.**

**തീരുമാനം :-** പ്രസ്തുത ആവശ്യം പരിഗണിക്കാൻ തീരുമാനിച്ചു.

4. **ഹോസ്റ്റൽ മെസ്സുകളുടെ സാമ്പത്തിക ഇടപാടുകൾ യൂണിവേഴ്സിറ്റി ഏറ്റെടുക്കുക.**

**തീരുമാനം :-** ഡി.എസ്.എസ്, ഡെപ്യൂട്ടി വാർഡൻമാർ എന്നിവർ ചേർന്ന് ഇതു സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി അടുത്ത സിൻഡിക്കേറ്റിൽ സമർപ്പിക്കാൻ നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

5. **പ്രിന്റഡ് സർട്ടിഫിക്കറ്റുകൾ അനുവദിക്കുക.**

**തീരുമാനം :-** പ്രിന്റഡ് സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതിനാൽ, നടപടികൾ ത്വരിതപ്പെടുത്താൻ തീരുമാനിച്ചു.

6. **എല്ലാ ബ്ലോക്കുകളിലും ലിഫ്റ്റിന്റെ നിർമ്മാണം ഉടനടി പൂർത്തീകരിക്കുക.**

**തീരുമാനം :-** പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

7. **ബിഎഫ്എ ബ്ലോക്ക്, ന്യൂ ഹോസ്റ്റൽ എന്നിവിടങ്ങളിൽ വൈഫൈ സൗകര്യം ഏർപ്പെടുത്തുക.**

   **തീരുമാനം :-** കെ ഫോൺ സൗകര്യം മുഖ്യകേന്ദ്രത്തിലും പ്രാദേശിക കേന്ദ്രങ്ങളിലും ലഭ്യമാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

8. **ക്രിക്കറ്റ് നെറ്റ്സ് അടക്കമുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ കായിക ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുക.**

   **തീരുമാനം :-** ഈ വിഷയത്തിൽ സ്പോർട്സ് കൗൺസിലുമായി ചർച്ച നടത്തുന്നതിന് തീരുമാനിച്ചു.

9. **അകൗസ്റ്റിക് ഓഡിറ്റോറിയത്തിന്റെ നിർമ്മാണം ഉടനടി പൂർത്തിയാക്കുക.**

   **തീരുമാനം :-** നിർമ്മിതി കേന്ദ്രവുമായും വകുപ്പ് മന്ത്രിയുമായും സിൻഡിക്കേറ്റ് അംഗങ്ങൾ അടിയന്തിരമായി ചർച്ച ചെയ്യുന്നതിന് തീരുമാനം കൈക്കൊണ്ടു.

## Item No. 5

പ്ലാൻ/നോൺ പ്ലാൻ ഫണ്ട് ലഭ്യമാക്കാൻ

സമഗ്രമായ ഒരു റിപ്പോർട്ട് അടക്കം സിൻഡിക്കേറ്റ് കമ്മറ്റി സർക്കാരിനെ സമീപിക്കാനും ഇതിനുവേണ്ടി അഡ്വ. കെ. പ്രേംകുമാർ MLA, അഡ്വ. കെ.എസ്. അരുൺകുമാർ, ശ്രീ. ആർ. അജയൻ, ഡോ. എം. സത്യൻ, ഡോ. ശിവദാസൻ പി, ഡോ. ബി. അശോക്, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**Item No. 6**

മ്യൂസിയം റിനോവേഷന് അപേക്ഷ സമർപ്പിക്കാൻ തീരുമാനിച്ചു.

**Item No. 7**

ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വിവിധ സിൻഡിക്കേറ്റ് ഉപസമിതികൾ പുന:സംഘടിപ്പിക്കാൻ തീരുമാനിച്ചു.

I. **സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതി**

1. അഡ്വ. കെ.എസ്. അരുൺകുമാർ - കൺവീനർ
2. അഡ്വ. കെ. പ്രേം കുമാർ എം.എൽ.എ - അംഗം
3. ഡോ. എം. സത്യൻ - അംഗം
4. ഡോ. ശിവദാസൻ പി - അംഗം
5. ഡോ. അശോക് ബി - അംഗം
6. ഡോ. ഓമന പി.വി - അംഗം

II. **ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതി**

1. അഡ്വ. കെ. പ്രേം കുമാർ എം.എൽ.എ - കൺവീനർ
2. അഡ്വ. കെ.എസ്. അരുൺകുമാർ - അംഗം
3. ഡോ. ടി. മിനി - അംഗം
4. ഡോ. എം. സത്യൻ - അംഗം
5. ഡോ. ശിവദാസൻ പി - അംഗം
6. ശ്രീ. ആർ. അജയൻ - അംഗം

III. **അക്കാദമിക് & റിസർച്ച് സ്ഥിരം സമിതി**

| | | |
|---|---|---|
| 1. ഡോ. എം. സത്യൻ | - | കൺവീനർ |
| 2. ഡോ. പി.വി. രാമൻകുട്ടി | - | അംഗം |
| 3. ഡോ. ബി. അശോക് | - | അംഗം |
| 4. ഡോ. ടി. മിനി | - | അംഗം |
| 5. ഡോ. വി. ലിസ്സി മാത്യു | - | അംഗം |
| 6. ഡോ. ബീന ഐസക് | - | അംഗം |

IV. **വർക്സ് & പർച്ചേയ്സ് സ്ഥിരം സമിതി**

| | | |
|---|---|---|
| 1. ഡോ. ബി. അശോക് | - | കൺവീനർ |
| 2. അഡ്വ. കെ.എസ്. അരുൺകുമാർ | - | അംഗം |
| 3. ഡോ. ശിവദാസൻ പി | - | അംഗം |
| 4. ഡോ. ഓമന പി.വി | - | അംഗം |
| 5. ഡോ. ആർ. ശശിധരൻ | - | അംഗം |
| 6. പ്രൊഫ (ഡോ.) മാത്യൂസ് ടി തെള്ളി | - | അംഗം |

V. **പരീക്ഷാ സ്ഥിരം സമിതി**

| | | |
|---|---|---|
| 1. ഡോ. വി. ലിസ്സി മാത്യു | - | കൺവീനർ |
| 2. ഡോ. ആർ. ശശിധരൻ | - | അംഗം |
| 3. അഡ്വ. കെ.എസ്. അരുൺകുമാർ | - | അംഗം |
| 4. ഡോ. ബി. അശോക് | - | അംഗം |
| 5. ഡോ. എം. സത്യൻ | - | അംഗം |
| 6. ഡോ. പി.വി. രാമൻകുട്ടി | - | അംഗം |

VI. **ലൈബ്രറി & പബ്ലിക്കേഷൻ സ്ഥിരം സമിതി**

1. ഡോ. പി.വി. രാമൻകുട്ടി - കൺവീനർ
2. ഡോ. ടി. മിനി - അംഗം
3. ഡോ. വി. ലിസ്സി മാത്യു - അംഗം
4. ഡോ. ബീന ഐസക് - അംഗം
5. ശ്രീ. ആർ. അജയൻ - അംഗം
6. പ്രൊഫ (ഡോ.) മാത്യൂസ് ടി തെള്ളി - അംഗം

VII. **സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതി**

1. ഡോ. ടി. മിനി - കൺവീനർ
2. അഡ്വ. കെ. പ്രേം കുമാർ എം.എൽ.എ - അംഗം
3. അഡ്വ. കെ.എസ്. അരുൺകുമാർ - അംഗം
4. ഡോ. എം. സത്യൻ - അംഗം
5. ഡോ. ഓമന പി.വി - അംഗം
6. ശ്രീ. ആർ. അജയൻ - അംഗം

VIII. **പ്ലാനിംഗ് & ഡെവലപ്മെന്റ് സ്ഥിരം സമിതി**

1. ശ്രീ. ആർ അജയൻ - കൺവീനർ
2. അഡ്വ. കെ. പ്രേം കുമാർ എം.എൽ.എ - അംഗം
3. അഡ്വ. കെ.എസ്. അരുൺകുമാർ - അംഗം
4. ഡോ. എം. സത്യൻ - അംഗം
5. ഡോ. ടി. മിനി - അംഗം
6. പ്രൊഫ (ഡോ.) മാത്യൂസ് ടി തെള്ളി - അംഗം

IX. **ഓൺലൈൻ & ഡിസ്റ്റന്റ് ലേണിങ്ങ് & ഐടി സ്ഥിരം സമിതി**

| | | |
|---|---|---|
| 1. ഡോ. പി. ശിവദാസൻ | - | കൺവീനർ |
| 2. ഡോ. ബി. അശോക് | - | അംഗം |
| 3. ഡോ. ഓമന പി.വി | - | അംഗം |
| 4. ഡോ. ആർ. ശശിധരൻ | - | അംഗം |
| 5. ഡോ. വി. ലിസ്സി മാത്യു | - | അംഗം |
| 6. പ്രൊഫ (ഡോ.) മാത്യൂസ് ടി തെള്ളി | - | അംഗം |

യോഗം 3.30 pm ന് അവസാനിച്ചു.

**ഒപ്പ്** **ഒപ്പ്**

**രജിസ്ട്രാർ** **വൈസ് ചാൻസലർ**